# ഹിന്ദുമത ഗ്രന്ഥങ്ങളിലെ
# മുഹമ്മദ് നബി



മിർസാ മഅ്സൂംബേഗ്

Scanned with CamScanner

1

# ഹിന്ദുമത ഗ്രന്ഥങ്ങളിലെ
# മുഹമ്മദ് നബി

വേദവ്യാസ മഹർഷിയുടെ പ്രവചനങ്ങൾ

മിർസാ മഅ്സൂംബേഗ് ബി. എ.

വിവർത്തനം

വി. ആർ. ചന്ദ്രശേഖരൻ ബി. എ.

പ്രസാധകർ:

കേരള അഹ്മദിയ്യാ മുസ്‌ലിം സ്റ്റേറ്റ് കമ്മിറ്റി
മുതലക്കുളം, കോഴിക്കോട്–673 001

Scanned with CamScanner

HINDUMATHA GRANDHANGALILE
MUHAMMAD NABI

Malayalam

Author:
MIRZA MAZOOM BAIG B. A.

Translation
V. R. Chandrashekharan B. A.

Printed at:
Nusrath Printing Press,
Kannur—670 001

Published by:
KERALA AHMADIYYA MUSLIM STATE COMMITTEE
Kozhikode—673 001

| | | | | |
|---|---|---|---|---|
| First Edition: | August 1957, | Copies | 1000 |
| Second | : | January 1980 | ,, | 2000 |
| Third | : | November 1985 | ,, | 2000 |
| Forth | : | December 1992 | ,, | 3000 |

Price Rs. 2-00

Scanned with CamScanner

# പ്രസ്താവന

ജനാബ് മിർസാ മഅ്സൂംബേഗ് സാഹിബ് 'ഇസ്ലാമിക് റിവ്യൂ' എന്ന ഇംഗ്ലീഷ് മാസികയിൽ എഴുതിയ ഒരു ലേഖനത്തിന്റെ വിവർത്തനമാണ് 'ഹിന്ദുമത ഗ്രന്ഥങ്ങളിലെ മുഹമ്മദ് നബി' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഈ ലഘുകൃതി. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ മലയാളമുഖപത്രമായ 'സത്യദൂത'നിൽ (1940 ജനുവരി ലക്കം) പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ശ്രീ. വി. ആർ. ചന്ദ്രശേഖരൻ തയ്യാറാക്കിയ ഈ വിവർത്തനം 1957, 1980, 1985 എന്നീ വർഷങ്ങളിൽ ഇതിന്റെ ഒന്നും രണ്ടും മൂന്നും എഡിഷനുകൾ പുറത്തിറങ്ങുകയുണ്ടായി. ഇപ്പോൾ നാലാമത്തെ എഡിഷൻ, ഒരു പ്രമുഖ അഹ്മദി ആയിരുന്ന പരേതനായ ഏഴോത്തെ ജനാബ് കെ. എം. ആലി സാഹിബിന്റെ പാവന സ്മരണക്ക് ഞങ്ങൾ സമർപ്പിക്കുകയാണ്.

പ്രാചീന ഭാരതത്തിലെ ദിവ്യാത്മാക്കളിൽ ഒരാളായ മഹർഷി വ്യാസൻ, തന്റെ 'ഭവിഷ്യൽ പുരാണം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവചനങ്ങളിൽ റ

Scanned with CamScanner

സൂൽതിരുമേനിയെ സംബന്ധിക്കുന്ന ഭാഗമാണ് ഈ കൃതിയിലെ ഉള്ളടക്കം.

ഈ പ്രസിദ്ധീകരണം മുഖേന ഹൈന്ദവ സഹോദരൻമാർക്ക് മുഹമ്മദ് നബി (സ:അ) യുടെ സത്യത്തിലുള്ള വിശ്വാസാദരം സംജാതമാകയും മുസ്ലിംകൾക്ക് ഭാരതത്തിൽ അവതരിച്ച ദിവ്യാത്മാക്കളുടെ നേരെ ബഹുമാനാദരങ്ങളുണ്ടായിത്തീരുകയും ചെയ്യുമാറാകട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

കോഴിക്കോട്

20—12—'92 പ്രസാധകൻമാർ

# ഹിന്ദുമതഗ്രന്ഥങ്ങളിലെ മുഹമ്മദ്നബി

## വേദവ്യാസമഹർഷിയുടെ പ്രവചനങ്ങൾ.

ഹിന്ദുക്കളുടെ പാവനമായ പുരാതനഗ്രന്ഥങ്ങൾ വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ എന്നീ മൂന്നിനങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 'ബ്രാഹ്മണഗ്രന്ഥം' അതായതു വേദങ്ങളുടെ മൂലതത്വങ്ങളെ വിശദീകരിച്ചു കൊണ്ടുള്ള പ്രശംസാസ്വരൂപ നിരൂപണങ്ങൾ അടക്കമുള്ള ഈ പരിശുദ്ധഗ്രന്ഥങ്ങളെല്ലാംതന്നെ 'ശ്രുതികൾ' അഥവാ 'ദൈവീകഗ്രന്ഥങ്ങൾ' എന്നാണ് ഗണിക്കപ്പെട്ടിരിക്കുന്നത്. നാം ഇന്നറിയുന്ന വേദങ്ങൾ നാലെണ്ണമാണ്. അവ ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വണവേദം എന്നിവയാണ്. ഇതിൽ ഋഗ്വേദം ഏററവും പുരാതനവും അഥർവ്വണവേദം താരതമ്യേന പിൽക്കാലത്തുണ്ടായതുമാണ്. അഥർവ്വണവേദം എന്നു ഈ ഗ്രന്ഥത്തിന്നു പേരുണ്ടാകുവാൻ ഇടയായതു അതിന്റെ പ്രതിപാദ്യവിഷയത്തിന്റെ സ്വരൂപത്തിൽനിന്നല്ല. നമുക്കു ആലോചനയെത്താൻകൂടി കഴിയാത്തത്ര പുരാതനകാലത്തു ജീവിച്ചിരുന്ന അഥവ്വൻ എന്ന ഒരു ദിവ്യപുരുഷനിൽനിന്നാണ് ഈ പേർ ഉണ്ടായതെന്നറിയുന്നു. വ

Scanned with CamScanner

ററ്നിയെ ഒന്നാമതായുരച്ചുണ്ടാക്കിയ പുരോഹിതനായി ട്ടാണ് ഈ മഹാനെ ഋഗ്വേദത്തിൽ വിവരിച്ചിരിക്കു ന്നത്. വേദങ്ങാം എഴുതിയിരിക്കുന്നതു പ്രായേണ ഏററവും ദുർഗ്ഗ്രാഹ്യമായ കട്ടിയേറിയ ഭാഷയിലാ കകൊണ്ടു അവ വായിച്ചു മനസ്സിലാക്കുകയെന്നതു തീർച്ചയായും എളുപ്പമായ കാര്യമല്ല. ഗുരുകുല (ഹ രിദ്വാര) ത്തിലെ നിവാസികളെപ്പോലെ ഈ വേദ ഗ്രന്ഥങ്ങളിൽ അപാരവും അനന്യസാധാരണവുമായ പാണ്ഡിത്യവും പരിചയവും നേടി തങ്ങളുടെ അഭി പ്രായം പ്രമാണമെന്നോണം സ്വീകരിച്ചു ബഹു മാനിക്കുവാൻമാത്രം പ്രശസ്തൻമാരായ മഹത്തുക്ക ാംകൂടി അഭിപ്രായപ്പെടുന്നത്, പരിപാവനവും ദൈ വീകവുമായ വേദഗ്രന്ഥങ്ങാം ശരിയായി ഗ്രഹി ച്ചു അതിൻെറ സ്വാരസ്യങ്ങാം ആസ്വദിക്കുവാൻ ഒ രാാംക്കു തൻെറ ആയുഷ്കാലത്തിലെ ചുരുങ്ങിയ ത് 30 വർഷത്തെ നിരന്തരഗംഭീരപ്രയത്നംകൊ ണ്ടേ സാദ്ധ്യമാവൂ എന്നാണ്. എന്നാലും ഹിന്ദു ക്കളെ സംബന്ധിച്ചേടത്തോളം ഈ വേദങ്ങാം അവ രുടെ പ്രധാനപ്പെട്ട പ്രമാണഗ്രന്ഥങ്ങളാണെന്നതിന്ന് തർക്കമില്ല. എന്നുതന്നെയല്ല ഹിന്ദുമതവിശ്വാസങ്ങ ളുടെ അസ്ഥിവാരവും വേദങ്ങളിൽ തന്നെയാണ് കെട്ടിപ്പടുത്തിട്ടുള്ളത്.

മനുഷ്യാത്മാവിൻെറ സ്വഭാവനിരീക്ഷണത്തി ൽ ഉററുപരിശ്രമിക്കുന്ന ഹിന്ദുക്കളുടെ പുരാതന വേദാന്തങ്ങളെയാണു ''ഉപനിഷത്തുകാം'' പ്രതിപാ ദിക്കുന്നത്. ഒരുത്തൻെറ ആത്മാവിനെയും 'ബ്രഹ്മം' എന്നറിയുന്ന പരമാത്മാവിനെയുംപററി ഗവേ

Scanned with CamScanner

ഷണങ്ങൾ നടത്തുന്നതിനപ്പുറമെ ഈ രണ്ടുതരത്തിലുള്ള ആത്മാവിനെയും തമ്മിൽ ഐക്യപ്പെടുത്തുന്ന ആ ബന്ധത്തെയും അവ ആരായുന്നു. രാജാറാം മോഹനറോയി തുടങ്ങിയ ബംഗാധ പണ്ഡിതൻമാരുടെ അനുമാനത്തിൽ ഉപനിഷത്തുക്കൾ വാസ്തവത്തിൽ വേദങ്ങളെക്കാളും ഉപരിയായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്.

ഉപനിഷത്തുക്കളെ കഴിച്ചാൽപിന്നെ പ്രാധാന്യത്തിലും പരിശുദ്ധതയിലും അടുത്ത സ്ഥാനം പുരാണങ്ങൾക്കാണ്. എളുപ്പം വായിച്ചു മനസ്സിലാക്കാമെന്ന ഒരു വ്യത്യാസം അവയ്ക്കു വേദങ്ങളുമായിട്ടുണ്ട്. സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ഇവ നിത്യപാരായണം ചെയ്യുന്ന ഹിന്ദുക്കളുടെ ഇടയിൽ ഇവയ്ക്കു വളരെ പ്രാധാന്യം സിദ്ധിച്ചിട്ടുണ്ട്. ഹൈന്ദവമതാനുയായികളിൽ പുരാണവീരൻമാരെയും ദൈവജ്ഞരായ പുണ്യാത്മാക്കളെയും പൂർവ്വീക ആര്യവംശങ്ങളെയും എന്നുവേണ്ട, ഈ പ്രപ്രപഞ്ചത്തിന്റെ സൃഷ്ടിയേയും സംഹാരത്തെയും കുറിച്ചുകൂടി അവ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ബ്രാഹ്മണപുരാണം, ഭഗവദ്പുരാണം, ഭവിഷ്യൽപുരാണം തുടങ്ങി 18 ദീർഘഗ്രന്ഥങ്ങളായി ഈ പരിശുദ്ധ സാഹിത്യത്തെ രചിച്ചതു പ്രസിദ്ധയോഗിയും ദീർഘദർശിയുമായ വ്യാസമഹർഷിയാണ്. ഹിന്ദുക്കളിൽ ഒരു വമ്പിച്ച ഭൂരിപക്ഷം ഇന്നും വിശ്വസിച്ചു വരുന്നതു പുരാണങ്ങൾ വേദങ്ങളെക്കാൾ പുരാതനമല്ലെങ്കിൽകൂടി വേദങ്ങൾക്കൊപ്പം പഴക്കമുള്ളതും വേദങ്ങളെപ്പോലെ തുല്യനിലയിൽ ഇന്നും നിലനിന്നുവരുന്നതുമാണെന്നാണ്, ഈ വസ്തുതയ്ക്ക പരിശു

Scanned with CamScanner

ദ്ധവേദങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നതും സമ്മതിക്കുന്നതുമാണ്.

മഹർഷി വ്യാസൻ അനൽപമായ ഗ്രഹണശക്തിയും അഗാധതത്വങ്ങളെ ആരാഞ്ഞറിയുന്നതിൽ അദ്വിതീയനുമായിരുന്നുവെന്ന വസ്തുത വിസ്മരിക്കത്തക്കതല്ല. ഉറച്ച പാണ്ഡിത്യം സമ്പാദിച്ച ഒരു മഹാനും കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ദീർഘകാലത്തെ ജീവകാരുണ്യപ്രയത്നത്തിന്റെ ഫലമായിട്ടാണ് വിഷയക്രമമനുസരിച്ച് തരംതിരിച്ച് ശരിപ്പെടുത്തിയ രൂപത്തിൽ ഇന്നു നമുക്ക് വേദങ്ങൾ ലഭിച്ചിട്ടുള്ളത്. ഗീതയും മഹാഭാരതവും അദ്ദേഹത്തിന്റെ ശക്തിയേറിയ പേനത്തുമ്പിൽ നിന്നും ഉണ്ടായിട്ടുള്ളവയാണ്. വേദാന്തം അഥവാ ഹിന്ദുമത വേദാന്തം എന്ന മററൊരു വിപുല ഗ്രന്ഥവും കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ ഏററവും വലിയ പരിശ്രമം മുൻപറഞ്ഞ 18 പുരാണ ഗ്രന്ഥങ്ങൾ തന്നെയാണ്. ഇതിലുൾപ്പെട്ട ഭവിഷ്യൽ പുരാണങ്ങളിലാണ് മുഹമ്മദ്നബിയെന്ന ലോകൈകവന്ദ്യനായ ദൈവദൂതന്റെ ആഗമനത്തെക്കുറിച്ചുള്ള 'സുവിശേഷം' അടങ്ങിയിട്ടുള്ളത്. ഈ ലേഖനത്തിൽ ആ പൌരാണികപ്രവചനങ്ങളെപ്പററി പ്രതിപാദിക്കുവാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

ഭവിഷ്യൽപുരാണമെന്ന വാക്യത്തിന്റെ ശരിയായ സാരം ഭാവിയിൽ വരാനിരിക്കുന്ന സംഗതികളെ സംബന്ധിച്ച വർത്തമാനങ്ങൾ എന്നാണ്. ഈ പേർ വരാനുണ്ടായ സംഗതി ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള വ്യാസമഹർഷിയുടെ ഒ

Scanned with CamScanner

രൽഭുതപ്രവചനം അതിലടങ്ങിയിരിക്കകൊണ്ടാണ്. ഹിന്ദുക്കളുടെ വിശ്വാസത്തിൽ ഈ ഗ്രന്ഥവും പരിശുദ്ധ വേദങ്ങളെപോലെത്തന്നെ ബ്രഹ്മാവിന്റെ ഒരു പ്രത്യക്ഷ വെളിപാട് (Revelation) ആണ്. വ്യാസമഹർഷി അതിനെ പകർത്തി ഒരു ഗ്രന്ഥമാക്കിയെന്നു മാത്രം; ശരിയായ ഗ്രന്ഥകർത്താവ് പരബ്രഹ്മമൂർത്തിയായ സാക്ഷാൽ ദൈവംതന്നെയാണ്.

അതിൽ 3-ാം പുസ്തകം 3-ാം അദ്ധ്യായം 3-ാം സ്തോത്രം 5 മുതൽ 8 വരെ വരികളിൽ ഇങ്ങനെ കാണുന്നു.

ഏതസ്മിന്നന്തരെ മ്ലേച്ഛ ആചാര്യേണ സമന്വിതഃ
മഹാമദ ഇതിഖ്യാതഃ ശിഷ്യാ ശാഖാ സമന്വിതം.
നൃപശ്ചൈവ മഹാദേവ മരു സ്ഥല നിവാസിനം
ഗംഗാജലൈശ്ച സംസ്നാപ്യം പഞ്ചഗവ്യ സമന്വിതം
ചന്ദനാദി ഭിരിഭ്യർ ച്യതുഷ്ടവമന സംഹാരം
ഭോജരാജ ഉവാചഃ നമസ്തേ ഗിരിജാനാഥാ
മരുസ്ഥലനിവാസിനം
ത്രിപുരാ സുരനാശായ-ബഹ്‌മായാ പ്രവർത്തിനം
മ്ലേഛൈര ഗുപ്തായ ശുദ്ധായ സച്ചിദാനന്ദ രൂപിണെ
ത്വം മാംഹി കിങ്കരം വിദ്ധി ശരണാത്ഥമപാഗതം.

''ഒരു വിദേശത്തിൽനിന്നു ഒരു അദ്ധ്യാത്മഗുരു അദ്ദേഹത്തിന്റെ അനുചരൻമാരോടുകൂടി ഇവിടെ വരുന്നതായിരിക്കും. അദ്ദേഹത്തിന്റെപേര് മുഹമ്മദ് (മഹാമദ്) എന്നായിരിക്കും. ദൈവദൂതസദൃശനായ ഈ അറബിയെ രാജാവു ഗംഗാജലത്തിലും മററഞ്ചുതരം ശുദ്ധീകരണജല (പഞ്ചഗവ്യം)ത്തിലും സ്നാനം ചെയ്യിച്ച

ക്തിവിശ്വാസസമന്വിതം പൂജിച്ച് ഇപ്രകാരം പ്രാർത്ഥിക്കും. 'അല്ലയോ മനുഷ്യവർഗ്ഗത്തിന്റെ അഭിമാന സ്തംഭമായി മരുഭൂമിയിൽ പിറന്ന മഹാനുഭാവ! ദുഷ്ടനിഗ്രഹണത്തിനുള്ള ദിവ്യശക്തിയുടെ മാഹാത്മ്യത്താൽ ശത്രുപീഡകളിൽനിന്നും രക്ഷപ്രാപിച്ച് പരാശക്തിയുടെ പ്രത്യക്ഷലക്ഷ്യമായി പരിലസിക്കുന്ന പുണ്യാത്മാവെ! അങ്ങയുടെ പാദചരണങ്ങളിൽ അടിപണിയുന്ന ഈയുള്ളവനെ അങ്ങുന്നു ഒരടിമയായി സ്വീകരിച്ചനുഗ്രഹിച്ചാലും''.

പരിശുദ്ധ നബിയെ സംബന്ധിച്ച പ്രവചനങ്ങളെക്കുറിച്ച് വ്യാസമഹർഷിയുടെ ഗീതങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം.

1. അദ്ദേഹത്തിന്റെ പേർ മുഹമ്മദ് എന്നായിരിക്കും.

2. അദ്ദേഹം മരുഭൂമിയിൽ നിവസിക്കുന്നവനായിരിക്കും.

3. അദ്ദേഹത്തിന് ഭക്തൻമാരായ മിത്രങ്ങളുണ്ടായിരിക്കും.

4. അദ്ദേഹം സർവ്വവിധ പാപമോചനങ്ങളും സിദ്ധിച്ച ഒരു ദൈവദൂതനായിരിക്കും.

5. ഭാരതത്തിലെ രാജാവ് അദ്ദേഹത്തിൽ വിശ്വസിക്കും.

6. അദ്ദേഹം ശത്രുബാധയിൽനിന്നും അത്ഭുതകരമായ രീതിയിൽ രക്ഷ പ്രാപിക്കും.

Scanned with CamScanner

7. അദ്ദേഹത്തിന്ന് ദുഷ്ടനിഗ്രഹണം സാധിക്കും. അതായത്തു സർവ്വവിധ ദുഷ്യങ്ങളെയും അദ്ദേഹം ദൂരീകരിക്കും.

8. അദ്ദേഹം പരാശക്തിയുടെ ഒരു പരിശുദ്ധമാത്രകയായിരിക്കും.

9. മനുഷ്യവർഗ്ഗത്തിൻെറ അഭിമാനസ്തംഭമായിരിക്കും.

10. ഈ മുഹമ്മദിൻെറ മുമ്പിൽ മഹർഷി മുട്ടകുത്തി നമസ്ക്കരിക്കും.

ഒരു സംശയത്തിൻെറ ലാഞ്ഛനക്കൂടി ഇടയില്ലാത്ത സുദൃഢവും സുവ്യക്തവുമായ ഒരു പ്രവചനമാണിത്. എന്നിട്ടും ചില 'അവിശ്വാസികൾ' ഇതിനെ എതിർക്കുന്നു. ഈ പ്രവചനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന രാജാവ്, ശാലിവാഹന രാജൻെറ കാലശേഷം പത്താം തലമുറയിൽ ജാതനായ ഭോജരാജാവാണെന്നാണവർ പറയുന്നത്. അദ്ദേഹം ജീവിച്ചിരുന്നത്തു ക്രിസ്താബ്ദം 11-ാം നൂററാണ്ടിൽ അതായത് പരിശുദ്ധ നബിയുടെ കാലം കഴിഞ്ഞു 500 സംവത്സരങ്ങൾക്ക ശേഷമാണ്. അത്തു കൊണ്ട്തന്നെ ഒരിക്കലും ഈ വാദം ശരിയാവുന്നതല്ല. ഇനി വ്യക്തവും സൂക്ഷ്മവുമായി നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഭോജൻ എന്നത് ഒരു വ്യക്തിയുടെ പേരല്ലെന്നതാണ്, ഈജിപ്തിലെ രാജാക്കൻമാരെ ഫറോ (Pharaoh) എന്നും റോമാചക്രവർത്തിമാരെ സീസർ (Caesar) എന്നും വിളിച്ചുവരുന്നത്തു പോലെ ഹിന്ദുസ്ഥാനിലെ എല്ലാ രാജാക്കൻന്മാരേയും പ്രായേണ വിളിച്ചു

വന്നിരുന്ന ഒരു പൊതുനാമധേയമായിട്ടാണ് ഭോജപദം കൊണ്ടുദ്ദേശിച്ചിട്ടുള്ളതു. വിശ്രുതനായ ഭോജരാജാവിനു മുമ്പ്തന്നെ നിരവധി ഭോജൻമാർ ഇന്ത്യയെ വാണിരുന്നു. ഒരു വിശിഷ്ട പ്രചോദനഗ്രന്ഥമെന്ന് നിർവ്വിവാദം സമ്മതിക്കപ്പെട്ടിട്ടുള്ള ''ഐതരേയബ്രാഹ്മണ''ത്തിലും ഇസ്ലാമിൻെറ ആവിർഭാവത്തിനു എത്രയോ മുമ്പ് ജീവിച്ചിരുന്ന സുപ്രസിദ്ധ വൈയ്യാകരണനായ പാണിനിയുടെ കൃതികളിലും ഭോജരാജാക്കൻമാരെയും അവരുടെ പിൻഗാമികളേയും അവരുടെ തലസ്ഥാനനഗരങ്ങളേയും മററും പററി പ്രതിപാദിച്ചു കാണുന്നുണ്ട്.

മുഹമ്മദ് നബിയെ ഗംഗാജലത്താലും പഞ്ചഗവ്യത്താലും ശുദ്ധീകരിച്ചതിനെക്കുറിച്ച് ചില സംഗതികൾ പ്രസ്താവയോഗ്യമാണ്. ഋഷി ഈ ഭാഗങ്ങളെ വിവരിക്കുമ്പോൾ നടന്നതായ ഒരു യഥാർത്ഥ സംഭവത്തെക്കുറിച്ചല്ല, പ്രത്യുത എത്രയോ വിദൂരമായ ഒരു ഭാവിയിൽ സംഭവിച്ചേക്കാവുന്ന സംഗതിയെ അദ്ദേഹത്തിൻെറ ജ്ഞാനദൃഷ്ടിയിൽ വെളിപ്പെട്ടത് പ്രകാരം പ്രവചിക്കുകയാണുണ്ടായതെന്ന പരമാർത്ഥം നാം വിസ്മരിക്കരുത്. മുഹമ്മദ് പാപമോചനം സിദ്ധിച്ച പരിശുദ്ധനായിരിക്കുമെന്ന് അതിൽ വ്യക്തമാക്കിയിരിക്കുന്നു. 'ജോർഡാൻ' (Jordan) നദീജലം ക്രിസ്ത്യാനികൾക്കെന്നപോലെ ഗംഗാജലവും പഞ്ചഗവ്യവും ഹൈന്ദവവിശ്വാസത്തിന്നനുസരിച്ചു ശുദ്ധീകരണവസ്തുക്കളാണ്.

10 മുതൽ 27വരെ പദ്യങ്ങളിൽ മഹർഷി ഈ സംഗതികളെ പിന്നെയും വ്യക്തമാക്കിയിരിക്കുന്നതു നോക്കുക. ഇതിൽ വ്യാസമഹർഷി ഭൂജാതനാകാനിരിക്കുന്ന

മുഹമ്മദ് നബിയുടെ വളരെയധികം പ്രത്യക്ഷ അടയാള ങ്ങളെ വീണ്ടും വിവരിക്കുന്നു:—

''സുപ്രസിദ്ധമായ അറബിരാജ്യം മൂഢൻമാരായ അക്രമികളുടെ ദുർവൃത്തികളാൽ ആര്യധർമ്മം അധഃപതി ച്ച് വിവിധങ്ങളായ അഴിമതികളുടെയും അക്രമങ്ങളുടെ യും വിളനിലമായി പരിണമിച്ചിരിക്കുന്നു. എന്നാൽ ഭസ്മീകരിക്കപ്പെട്ട ഒരു പിശാച് ശത്രുക്കളുടെ പ്രേരണ യാൽ വീണ്ടും അവിടെ ആവിർഭവിച്ചിരിക്കുന്നു. പ ക്ഷെ ഈ ദുഷ്ടനിഗ്രഹണത്തിനു എന്നിൽ നിന്നും ആ സാക്ഷാൽ പരബ്രഹ്മത്തിന്റെ ചൈതന്യം ആവി ഷ്ക്കരിക്കപ്പെട്ടിട്ടുള്ള ദിവ്യാവതാരമാണ് പരിശുദ്ധനാ യ മുഹമ്മദ്. മാനവസമുദായത്തിനു നഷ്ടപ്രായമായി ട്ടുള്ള ആ സംസ്കാരവിശേഷത്തെ പുനരുദ്ധരിക്കുന്നതി ൽ അദ്ദേഹം ഇപ്പോഴം ബദ്ധശ്രദ്ധനായിരിക്കയാണ്. അല്ലയോ രാജാവെ! ആ അധഃപതിച്ച രാജ്യത്തേക്ക് അങ്ങ് പോകേണ്ടുന്ന ആവശ്യമില്ല. എന്റെ അനുഗ്രഹ ത്താൽ അങ്ങയെ ഇവിടെവെച്ച് തന്നെ ശുദ്ധീകരിക്ക വാൻ സാധിക്കുന്നതാണ്''. ഒരു രാത്രി അതേ ദൈവ ദൂതൻ..................പ്രത്യക്ഷപ്പെട്ടു ഇപ്രകാരം പറഞ്ഞു: ''അല്ലയോ രാജാവെ! അങ്ങയുടെ ആര്യധർമ്മം മററെ ല്ലാ മതതത്വങ്ങളുടേയും മുന്നണിയിൽ പ്രശോഭിച്ചുകൊ ണ്ടിരിക്കുന്നു. പക്ഷെ ആ മഹാശക്തിയുടെ നിർദ്ദേ ശമനുസരിച്ചു ഞാൻ (മുഹമ്മദ്നബി) മാംസഭുക്കുകളുടെ ഉറച്ച വിശ്വാസത്തെ സുദൃഢമാക്കുന്നതിനും പ്രചരിപ്പി ക്കുന്നതിനും പ്രയത്നിക്കുന്നതാണ്. എന്റെ അനുയാ യികൾ സുന്നത്ത് ചെയ്യിരിക്കണം. അവർ തലമുടിവ ളർത്തുന്നതല്ല. അവർ താടി വളർത്തണം. അവർ വിപ്ലവകാരികളും ജനങ്ങളോട് ഉച്ചത്തിൽ പ്രാർത്ഥി

ക്കാൻ ഉൽഘോഷിക്കുന്നവരും ആയിരിക്കും. അവർ പന്നിയെ ഒഴിച്ച് മറ്റെല്ലാ മൃഗങ്ങളെയും ഭക്ഷിക്കാൻ ഉപയോഗിക്കാം. ശുദ്ധി വരുത്താൻ ദർഭ ഉപയോഗിക്കുന്നതിന്നു പകരം യുദ്ധം ചെയ്ത് അവർ പരിശുദ്ധരാവും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നവരാകയാൽ 'മുസൽമാൻമാർ' എന്ന പേരിനാൽ അവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ മതത്തിന്റെ ആവിർഭാവം എന്നിൽനിന്നായിരിക്കും.''

ഈ സന്ദർഭത്തിൽ ഇസ്‌ലാംമതവിദ്വേഷികളായ ചിലർ പുറപ്പെടുവിച്ച മറ്റൊരു വിപരീതാഭിപ്രായത്തേയും വിസ്മരിക്കുന്നില്ല. ആര്യധർമ്മം മറ്റെല്ലാ മതസിദ്ധാന്തങ്ങളേക്കാളും ഉപരിയായിട്ടുള്ള നിലക്ക് ഇവിടെ ഇസ്ലാംമതം പ്രചരിപ്പിക്കേണ്ടതായ ആവശ്യവും ഔചിത്യവും അവർക്കു മനസ്സിലാകുന്നില്ലത്രേ! എന്നാൽ കാലദേശാവസ്ഥകൾക്കും പരിതസ്ഥിതികൾക്കും ഏറ്റവും അനുയോജ്യമായിരുന്ന ആര്യധർമ്മസിദ്ധാന്തങ്ങൾ സാമാന്യജനങ്ങളുടെ ദൃഷ്ടിയിൽ ആദ്യമായി കൊണ്ടുവന്ന കാലത്ത് അന്ന് നിലവിലുണ്ടായിരുന്ന മറ്റെല്ലാ മതങ്ങളെക്കാൾ കൂടുതൽ പ്രായോഗികവും അനുയോജ്യവും ആയിരുന്നുവെന്നുള്ള വസ്തുത ആരുംതന്നെ വിസമ്മതിക്കുന്നതല്ല. എന്നാൽ നാം ഇവിടെ പ്രസ്താവിക്കുന്ന കാലമായപ്പോഴേക്ക് ആ പരിശുദ്ധമതത്തിന്റെ സ്ഥിതി എന്തായിത്തീർന്നുവെന്നാണ് നോക്കേണ്ടത്. മഹർഷിതന്നെ ഭവിഷ്യത് പുരാണം 3-ാം പുസ്തകം ഒന്നാം അദ്ധ്യായം 4-ാം സ്തോത്രം 21 മുതൽ 23 വരെ വരികളിൽ ഇപ്രകാരം പറയുന്നു:—''കാശി തുടങ്ങിയ ഏഴ് പരിശുദ്ധനഗരങ്ങളിൽ സ്വേച്ഛാധികാരപ്രമത്തതയും സാധുമർദ്ദ

നവും നിത്യസംഭവങ്ങളായിത്തീർന്നു. ഭാരതഖണ്ഡം രാക്ഷസന്മാർ, ബില്ലന്മാർ തുടങ്ങിയ നികൃഷ്ടരുടെ കൂത്തരങ്ങായി മാറിക്കഴിഞ്ഞു. എന്നാൽ *മ്ലേച്ഛരാജ്യത്തിൽ ഇസ്ലാംമതാനുയായികൾ മ്ലേച്ഛധർമ്മാനുഷ്ഠാനനിരതർ — ധീരന്മാരും, വിദ്യാസമ്പന്നരും, വിവേകികളും, കുശാഗ്രബുദ്ധികളുമാണ്. എല്ലാവിധ സൽഗുണങ്ങളാലും, അവർ പരിപൂർണ്ണന്മാരായി പരിലസിക്കുമ്പോൾ ആര്യാവർത്തത്തിലെ സാധാരണ ജനത ദുർഗ്ഗുണമൂർത്തികളായി ഭൂമുഖത്തെ അലങ്കോലപ്പെടുത്തുന്നു. അതുകൊണ്ട് ഇസ്ലാം മതം ഇന്ത്യയിലാകമാനം വിജയസ്തംഭം നാട്ടട്ടെ. ഇത് ധരിച്ചുകൊണ്ടു സൽസ്വഭാവികളേ ! സൽകർമ്മ നിരതരേ! സാക്ഷാൽ പരബ്രഹ്മത്തെ ഭജിപ്പിൻ.''

മേലുദ്ധരിച്ച പദ്യങ്ങളിൽ 'ആര്യ'മെന്നും 'മ്ലേച്ഛ'മെന്നും ഉള്ള പദങ്ങൾ പല ദിക്കിലും ഉപയോഗിച്ചു കാണുന്നുണ്ട്. 'ആര്യ' പദത്തെപ്പററി നാം വേണ്ടത്ര മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ മറേറ പദം നമുക്കത്ര സുപരിചിതമല്ല. ഈ പദം സാധാരണയായി ഉ

---

* ആര്യാവർത്തത്തിനു പുറമെയുള്ള ദേശങ്ങളെ മ്ലേച്ഛദേശങ്ങൾ എന്നും ആര്യമതസ്ഥരല്ലാത്ത വിമതസ്ഥരെയെല്ലാം മ്ലേച്ഛന്മാർ എന്നുമാണ് പണ്ടേ വിളിച്ചു വരാറുള്ളത്. വ്യാസമഹർഷിയും മ്ലേച്ഛ ശബ്ദം കൊണ്ടുദ്ദേശിച്ചിട്ടുള്ളതു ആയർത്ഥം മാത്രമാണ്. അല്ലാതെ, മലിനരും, പ്രാകൃതന്മായ നീചജാതിക്കാർ എന്ന അർത്ഥത്തിൽ അല്ല അദ്ദേഹം ആ പദം ഉപയോഗിച്ചിട്ടുള്ളത്. ഞങ്ങൾ ഇപ്പറയുന്നതിലേക്ക് 'സൂതസംഹിത'യിലെ താഴെ ഉദ്ധരിക്കുന്ന ശ്ലോകം സാക്ഷ്യമാണ്:—

Scanned with CamScanner

പ്രയോഗിക്കാറ് പ്രാകൃതരും കേവലം മലിനരുമായ നീചജനതയെക്കുറിച്ച് വെറുപ്പോടെ പറയുന്നതിനാണ്. എന്നാൽ വ്യാസമഹർഷി ഒരു സൽക്കർമ്മിയും കൂർമ്മബുദ്ധിയും അദ്ധ്യാത്മീക സൌന്ദര്യബോധമുള്ളവനും ദൈവത്തെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നവനുമായ ഒരു വ്യക്തിയെയാണ്* 'മ്ലേച്ഛ' പദം കൊണ്ടുദ്ദേശിക്കുന്നത്.

---

ചാതുർവ്വർണ്ണ്യ വ്യവസ്ഥാനം
യസ്മിന്ദേശേന വിദ്യതേ
തം മ്ലേച്ഛ വിഷയം പ്രാഹു-
രാര്യാവർത്ത മതഃ പരം

അതായത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇങ്ങനെയുള്ള ജാതി നിയമത്തോടുകൂടാത്ത ദേശങ്ങളെ 'മ്ലേച്ഛ' ദേശങ്ങൾ എന്നു പറയുന്നു: മ്ലേച്ഛദേശങ്ങളിൽ ചേരാത്തതായ ദേശങ്ങളെ 'ആര്യാവർത്തം' എന്നു പറയുന്നു. അപ്പോൾ, പ്രസ്തുത ദീർഘദർശനത്തിൽ 'മ്ലേച്ഛ' രാജ്യം എന്നും 'മ്ലേച്ഛധർമ്മം' എന്നും പറഞ്ഞതിന്റെ വിവക്ഷിതം യഥാവിധി ആര്യാവർത്തത്തിനു പുറമേയുള്ള രാജ്യം എന്നും 'വിജാതീയധർമ്മം' എന്നും മാത്രമാണെന്നു സിദ്ധിക്കുന്നു. ('സത്യദൂതൻ പത്രാധിപർ)

പേജ് 9 ലെ ശ്ലോകത്തിനുശേഷം താഴെ ചേർക്കുന്ന ശ്ലോകം കൂടി കാണുക.

---

ലിംഗഛേദി ശിഖാഹീനഃ ശ്മശ്രുധാരി സദ്ദൂഷക
ഉച്ചാലാപീ സർവ്വഭക്ഷീ ഭവിഷ്യതി ജനോ മമ
വിനാ കൗലം ച പശവസ്തേഷാം ഭക്ഷ്യാമതാ മമ
മുസലേനൈവ സംസ്കാര കശൈരിവ ഭവിഷ്യതി.

(25 മുതൽ 27 വരെ ശ്ലോകങ്ങൾ)

Scanned with CamScanner

## About this booklet

This booklet entitled 'Hindu Mathag.anthangalile Muhammad Nabi' (Prophet Muhammad in the Hindu scriptures) is an article originally published in English in Islamic Review, written by Mirza Ma'asoom Beg. This Malayalam version of the article was prepared by Sri. V. R. Chandrasekharan B. A. and published in The Sathyadoothan Magazine.

—Publishers.

Scanned with CamScanner